Talented Bankers Literary Panel
പുസ്തക പരിചയം 168

പരിചയപ്പെടുത്തുന്നത്,
കിരൺ വി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൈതമുക്ക് ശാഖ.

പ്രണയചന്ദ്രകാന്തം.
വി ആർ സുധീഷ്

കുറഞ്ഞത് മലയാളികളെയെങ്കിലും ചലച്ചിത്ര ഗാനങ്ങളും നാടൻ രുചികളും ചിലപ്പോഴൊക്കെ ഓരോ ഓർമ്മകളിലേക്കും കാലങ്ങളിലേക്കും കൂട്ടികൊണ്ടു പോകുന്നു. നമുക്കെല്ലാം പ്രിയങ്കരനായ കഥാകാരൻ വി ആർ സുധീഷ് സിനിമാഗാനങ്ങളിൽ നിന്നും 101 പ്രണയഗാനങ്ങളെ തെരഞ്ഞെടുത്ത് അതിൽ നിന്നും 25 ഗാനങ്ങളെ പരിചയപ്പെടുത്തുന്ന പുസ്തകമാണ് ഒലിവ് പ്രസിദ്ധീകരിച്ച "പ്രണയ ചന്ദ്രകാന്തം".

ആത്മഗാനം പോലുള്ള ഈ പുസ്തകം എഴുത്തുകാരൻ അസ്വദിച്ചെഴുതിയതാണ് എന്നതാണ് ഇതിന്റെ വായനയെ ഏറെ ഹൃദ്യമാക്കുന്നത്. ആമുഖത്തിൽ പറയുന്നപോലെ നാം ഗൗനിക്കാതെ പോകുന്ന പലതും ഈ വായനയിൽ തെളിയുന്നു. അതൊക്കെ ഇനിയുള്ള ഈ ഗാനങ്ങളുടെ കേൾവിക്ക് കൂടുതൽ മിഴിവേകും. പി ഭാസ്കരനാണ് ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന ഗാനരചയിതാവ്. അദ്ദേഹത്തിന്റെ 'കായലരികത്തു വലയെറിഞ്ഞപ്പോൾ' എന്ന ഗാനത്തെ പറ്റിയുള്ള പരാമർശത്തോടെയാണ് വായന ആരംഭിക്കുന്നത്. ഖൽബിലെ നൊമ്പരം ഉറക്കെ വിളിച്ചുപറഞ്ഞ അമ്പതുകളിലെ ആ പഴയ കാമുകനെ ആർക്കും മറക്കാനാവില്ല. 'മഞ്ഞണിപ്പൂണിലാവും' 'താമസമെന്തേ വരുവാനും' വിശദമായി പറഞ്ഞു പോകുന്നുണ്ട്. Lyrics ന്റെ Diction നെ കുറിച്ചു പറയുന്നിടത്ത് 'അഞ്ജന കണ്ണെഴുതി ആലിലത്താലി ചാർത്തി' എന്ന എന്നത്തെയും നമ്മുടെയൊക്കെ ഇഷ്ടഗാനമാണ് ഉദാഹരിക്കുന്നത്. 'പ്രിയമുള്ളവളെ നിനക്കുവേണ്ടി പിന്നെയും' എന്ന ഭാസ്കരൻ മാഷിന്റെ വരികൾ എ ടി ഉമ്മറിന്റെ സംഗീതത്തിൽ ബ്രഹ്മാനന്ദനല്ലാതെ ആർക്കും ഇത്രത്തോളം ആർദ്രമായി പാടാനാവില്ല എന്നാണ് എഴുത്തുകാരന്റെ മതം. ' വിശുദ്ധയായി വിടർന്നു നീയെന്റെ വികാര രാജാങ്കണത്തിൽ ' എന്നു പാടുമ്പോൾ ഗായകന്റെ ആലാപനത്തിന്റെ വ്യത്യസ്തമായ ലയവും ശബ്ദത്തിന്റെ വിദൂരവിടർച്ചകളും അനുപമമായി തോന്നാതെ വയ്യ.

വയലാറാണ് പിന്നെ സുധീഷിന്റെ അടുത്ത ഗാനശില്പി. 'സന്യാസിനി നിൻ പുണ്യാശ്രമത്തിൽ', 'സാമ്യമകന്നോരുദ്യാനമേ', 'പ്രേമഭിക്ഷുകീ' എന്നിങ്ങനെ പോകുന്നു പ്രിയഗാനങ്ങൾ.

എഴുതാൻ വൈകിയ ചിത്രകഥയിലെ നായികയെ പരിചയപ്പെടുത്തിയ ശ്രീകുമാരൻ തമ്പിയുടെ 'കാട്ടുചെമ്പകം പൂത്തുലഞ്ഞ'തും 'കൂത്തംബലത്തിൽ വെച്ചു കുപ്പിവളകൾ ചിരിച്ചുടഞ്ഞതും' മനോഹരമായി വിവരിക്കുന്നുണ്ട്.

ഒ ൻ വി യുടെ 'ശ്യാമസുന്ദരപുഷ്പവും' 'കന്നിപ്പൂങ്കവിളിൽ തൊട്ട് കടന്നുപോയ' തെന്നലും പുത്തഞ്ചേരിയുടെ 'പദനിസ്വനവും' ഒക്കെ ലളിതമായ ആഖ്യാനത്തിലൂടെ പറഞ്ഞുവയ്ക്കുന്നുണ്ട് വി ആർ സുധീഷ്.

അടുക്കും ചിട്ടയും ഇല്ലാത്ത ഓർമ്മച്ചീന്തുകൾ പോലുള്ള എഴുത്ത് ഇടക്കൊക്കെ കല്ലുകടിയായി തോന്നി. അതുപോലെ തന്നെ ഭരണിക്കാവ് ശിവകുമാർ, കെ ജയകുമാർ, മുല്ലനേഴി എന്നിവരൊക്കെ ഒഴിവാക്കപ്പെട്ടതും.

എന്നിരുന്നാലും ചന്ദ്രകാന്തക്കല്ലുകളുടെ തിളക്കമുള്ള ഓരോ ഗാനങ്ങളും കേൾക്കുമ്പോളുള്ള ആസ്വാദനം ഈ വായനയിലും നിങ്ങളെ കത്തിരിക്കുന്നു.

ഒരു ഒലിവ് പ്രസിദ്ധീകരണം
വില - Rs. 130/-